"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കൊല്ലം ജില്ല - പത്തനാപുരം ബ്ലോക്കിൽപ്പെട്ട പട്ടാഴി ഗ്രാമപഞ്ചായത്തിലെ ചെമ്പകം ജംഗ്ഷൻ - പൂവണ്ണംവിള - ലക്ഷം വീട് റോഡ് - പുനരുദ്ധാരണ പ്രവൃത്തി - കരാറിൽ ഏർപ്പെടാനുണ്ടായ കാലതാമസം സാധൂകരിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കി അന്തിമബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.231/2025/DMD തീയതി,തിരുവനന്തപുരം, 08-04-2025

പരാമർശം:-
1. 11.02.2021 ലെ സ.ഉ.(സാധാ) നം.143/2021/ഡി.എം.ഡി.
2. 29.12.2022 ലെ സ.ഉ.(സാധാ) നം.908/2022/ഡി.എം.ഡി.
3. കൊല്ലം ജില്ലാ കളക്ടറുടെ 21.03.2025 ലെ DCKLM/9580/2021-DM1

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്കിൽപ്പെട്ട പട്ടാഴി ഗ്രാമപഞ്ചായത്തിലെ ചെമ്പകം ജംഗ്ഷൻ - പൂവണ്ണംവിള - ലക്ഷം വീട് റോഡ് പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവായിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിക്ക് 07.09.2023 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും തുടർന്ന് വന്ന മഴക്കാലവും റോഡിലെ വെള്ളക്കെട്ടും കാരണവും അതെ തുടർന്നുള്ള ഇലക്ഷൻ പെരുമാറ്റചട്ടവും കാരണം പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം സംഭവിച്ചിട്ടുണ്ടെന്നും 12.01.2025 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിനാൽ മനപ്പൂർവ്വമല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകിയത് മാപ്പാക്കി കരാറിൽ ഏർപ്പെടാനുണ്ടായ കാലതാമസം സാധൂകരിച്ചും അന്തിമബിൽ തുക അനുവദിക്കുന്നതിന് ഉത്തരവ് നൽകണമെന്ന് ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്കിൽപ്പെട്ട പട്ടാഴി ഗ്രാമപഞ്ചായത്തിലെ ചെമ്പകം ജംഗ്ഷൻ-പൂവണ്ണംവിള-ലക്ഷം വീട് റോഡ് പ്രവൃത്തിക്ക് കരാറിൽ ഏർപ്പെടാനുണ്ടായ കാലതാമസം സാധൂകരിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JUSTIN JOY J
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/51/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 08-04-2025 16:42:44

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.